സ്വീകരിച്ചിട്ടുണ്ട്. സിന്ധു, ജ്യോതിമണി, ദേവി എന്നിവരുടെ പരാതികളുടെ അടിസ്ഥാനത്തിൽ അഗളി, ഷോളയൂർ പോലീസ് സ്റ്റേഷനുകളിൽ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസിലെ പെൺകുട്ടികൾക്ക് പുനരധിവാസത്തിന് 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആവണിപ്പാറ ആദിവാസികോളനിയിലേക്ക് നടപ്പാലം

18(221) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ ആവണിപ്പാറ ആദിവാസി കോളനിയിലേക്ക് നടപ്പാലം നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയത് എന്നാണ് ;

(ബി) ഇതിനായി എന്തു തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) ഈ തുക വിനിയോഗിക്കാനോ നടപ്പാലം നിർമ്മാണം ആരംഭിക്കാനോ സാധിക്കാതിരുന്നതിനുള്ള കാരണമെന്താണ് ;

(ഡി) ഈ നടപ്പാലം എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടില്ല.

(ബി) ഇതിനായി തുകയൊന്നും വകിയിരുത്തിയിട്ടില്ല.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാലനിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

യുവജന നയം

19(222) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് യുവജന നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1998 ഒക്ടോബർ മാസത്തിൽ യുവജന നയം സംബന്ധിച്ച കരട് രേഖയുടെ ചർച്ച നടന്നിട്ടും യുവജന നയം പ്രഖ്യാപിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ ;

(സി) യുവജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യുവജന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയമിതമായ വിദഗ്ദ സമിതിയുടെ അന്തിമ റിപ്പോർട്ട് കിട്ടിയ ശേഷം യുവജന നയം പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 5-4-2000-ൽ വിദഗ്ദ്ധ സമിതിയുടെ ഒന്നാം റിപ്പോർട്ടും 4-7-2000-ൽ അതിന്റെ രണ്ടാം റിപ്പോർട്ടും ലഭിയ്ക്കുകയുണ്ടായി. ഇവ പരിശോധിച്ച് വരുകയാണ്.

(ബി) വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കാൻ വൈകിയതാണ് യുവജന നയം പ്രഖ്യാപിക്കാൻ താമസം നേരിട്ടത്.

(സി) യുവജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി, യുവജന ക്ഷേമ ബോർഡ് താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും നടത്തി വരുന്നത്.

1. ചിത്രവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വർഷം തോറും എക്സ്ബിഷൻ "ഫോർ യൂത്ത്".
2. ദേശീയബോധം വളർത്തുന്നതിന് ദേശീയോദ്ഗ്രഥന ക്യാംപുകൾ.
3. സാഹസിക ബോധം വളർത്തുന്നതിന് മൂന്നാറിലെ സാഹസിക അക്കാഡമി വഴി, പാരാ-ഗ്ലൈയിഡിംഗ്, റോക്ക് ക്ലൈബിംഗ്, ട്രെക്കിംഗ് എന്നിവയിൽ പരിശീലനം.
4. തൊഴിൽ പരിശീലനം എന്ന നിലയിൽ , കൊത്തപ്പണി, ആശാരിപ്പണി, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കൽ എന്നിവയിൽ പരിശീലനം.
5. യുവജനങ്ങളുടെ കലാ-കായിക കഴിവ് പ്രോത്സാഹിപ്പിക്കാനായി കേരളോത്സവം സംഘടിപ്പിക്കുന്നു.
6. പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാംപുകൾ സംഘടിപ്പിക്കുന്നു.

നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന വൻകിട ജലസേചന പദ്ധതികൾ

20(223) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly